LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളിലെ വെള്ളക്കെട്ട്

94 (2727) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ടുമൂലം പൊതു ജനങ്ങൾക്കും മറ്റുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഗരങ്ങളിലെ ഓടകളും മറ്റ് അഴുക്കുചാൽ സംവിധാനങ്ങളും കൈയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് വെള്ളക്കെട്ടിന് ഇടയാക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഓപ്പറേഷൻ 'അനന്ത'യുടെ മാതൃകയിൽ ഉള്ള ഒഴിപ്പിക്കൽ നടപടികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എല്ലാ പ്രധാന നഗരങ്ങളിലും വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സുസ്ഥിരവും ശാശ്വതവുമായ പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി&ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗുരുവായൂരിനെ ദേശീയ പിൽഗ്രീം സിറ്റിയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി

95 (2728) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ക്ഷേത്രനഗരത്തെ ദേശീയ പിൽഗ്രീം സിറ്റിയായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഈ പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ?